"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ല - കാറ്റഗറി 1 റിവിഷൻ - തിരുവള്ളൂർ ശാന്തിനികേതൻ ഹയർസെക്കണ്ടറി സ്ക്കൂളിലെ എച്ച്.എസ്.ടി (ഗണിതം) ശ്രീമതി.ജിജി ബി സമർപ്പിച്ച റിവിഷൻ ഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.4067/2025/GEDN തീയതി,തിരുവനന്തപുരം, 21-06-2025

---

പരാമർശം:-
1. കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ശാന്തിനികേതൻ ഹയർസെക്കണ്ടറി സ്ക്കൂളിലെ എച്ച്.എസ്.ടി (ഗണിതം) ശ്രീമതി.ജിജി ബി സമർപ്പിച്ച 26/9/2024 ലെ കാറ്റഗറി 1 റിവിഷൻ ഹർജി.
2. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18/11/2024 ലെ DEOVKA/3075/2024-B3 നമ്പർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/11/2024 ലെ ഡിജിഇ/ 23067/2024-ഇഎം3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ വടകര വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്ന തിരുവള്ളൂർ ശാന്തിനികേതൻ ഹയർസെക്കണ്ടറി സ്ക്കൂളിലെ എച്ച്.എസ്.ടി (ഗണിതം) ശ്രീമതി.ജിജി ബി സമർപ്പിച്ച പരാമർശം (1) റിവിഷൻ ഹർജി, ജി.ഒ (എം.എസ്)നം. 54/2024/പൊ.വി.വ തീയതി. 01.6.2024 പ്രകാരം സമർപ്പിച്ചിട്ടുള്ളതാകയാൽ ചുമതലപ്പെടുത്തിയ പ്രകാരം ഹർജിക്കാരി, മാനേജർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ പ്രതിനിധികളെ 22.11.2024 ൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

(2) റിവിഷൻ ഹർജിയിലെ സംഗ്രഹവും ഹിയറിംഗ് വേളയിലെ ഹർജിക്കാരുടെ പ്രതിനിധിയുടെ വാദവും ചുവടെ ചേർക്കുന്നു.

വടകര വിദ്യാഭ്യാസ ജില്ലയിലെ തിരുവള്ളൂർ ശാന്തിനികേതൻ ഹയർ സെക്കന്ററി സ്കൂളിലെ റഗുലർ യു.പി.എസ്.ടി. ആയ ശ്രീ. മുഹമ്മദ് സലീം. വി.ടി കെ. യെ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) ആയി പ്രൊമോട്ട് ചെയ്ത ഒഴിവിൽ 10-12-2019 മുതൽ എന്നെ നിയമിച്ചു. എന്നാൽ മാനേജർ യഥാസമയം 'ഫിറ്റ്നസ്' സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനാൽ 2016-17 വർഷം മുതൽ തസ്തിക നിർണ്ണയം

നടത്താത്തതിനാൽ വ്യവസ്ഥാപിത ഒഴിവ് ലഭ്യമല്ല എന്ന് കാണിച്ച് നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയും അതിനെതിരെ സമർപ്പിച്ച അപ്പീൽ വിദ്യാഭ്യാസ ഉപ ഡയറക്ടറും നിരസിച്ചു. തുടർന്ന് മാനേജർ എന്നെ സ്കൂളിലെ റഗുലർ എച്ച്.എസ് ടി. (ഗണിതം) അധ്യാപിക ശ്രീമതി. എ. ചന്ദ്രിക 31-03-2021-ന് വിരമിച്ച ഒഴിവിൽ 16-07-2021 മുതൽ റൂൾ 43 അവകാശി എന്ന നിലയിൽ പ്രൊമോഷൻ നല്കി നിയമിക്കുകയും നിയാനാംഗീകാര അപേക്ഷ സമന്വയ മുഖാന്തിരം സമർപ്പിക്കുകയും ചെയ്തു. മേൽ നിയമനവും സ്കൂളിന് 2016-17 മുതൽ തസ്തികനിർണ്ണയം നടക്കാത്തതിനാൽ മതിയായ തസ്തിക ലഭ്യമല്ല എന്നും, മറ്റു കാരണങ്ങളും കാണിച്ച് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ 20/9/2021 ലെ ബി3/28235/2021 നം ഉത്തരവ് പ്രകാരം നിരസിച്ചു. ഇതിനെതിരെ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചെങ്കിലും 14/7/2022 ലെ ബി4/215619/2021 നം. ഉത്തരവ് പ്രകാരം അപ്പീൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ചൂണ്ടിക്കാട്ടിയ അപാകതകൾ നിലനിൽക്കുന്നു എന്ന് കാണിച്ച് നിരസിക്കുകയുണ്ടായി.

നിലവിൽ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 06/01/2024 ലെ ബി3/52508/2019 നം ഉത്തരവ് പ്രകാരം 09-11-2020 മുതൽ പ്രാബല്യം നല്കി 2019-20 വർഷത്തെ തസ്തിക നിർണ്ണയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മേൽ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം സ്കൂളിന് ഗണിതം തസ്തികക്ക് 15-07-2019 മുതൽ 4 തസ്തികയും 09-11-2020 മുതൽ 5 തസ്തികയും അനുവദിച്ചിട്ടുണ്ട്. ടി തസ്തികകളിൽ താഴെ പറയുന്ന അധ്യാപകർ ജോലി ചെയ്യുന്നു.

1) ശിവശങ്കർ. പി., 2)ചന്ദ്രിക. എ., 3)വൃന്ദ കെ. പി, 4) സുധീർകുമാർ. എം.

എച്ച്.എസ്.ടി. (ഗണിതം) തസ്തികയിൽ ജൂനിയർ അധ്യാപികയായ ശ്രീമതി. സുസ്മിത കെ.എം (2-06-2001 മുതൽ തുടർച്ചയായി സേവനത്തിൽ പ്രവേശിച്ചു) എന്ന അധ്യാപികയെ മതിയായ തസ്തിക ലഭ്യമല്ലാത്തതിനാൽ 13-07-2012 മുതൽ പുനർ വിന്യസിക്കുകയും 21-06.2017ന് മാതൃവിദ്യാലയത്തിൽ ഇംഗ്ലീഷ് തസ്തികയിൽ ഉണ്ടായ 7 ഒഴിവിൽ തിരിച്ചുവിളിച്ച് നിലനിർത്തുകയും ചെയ്തു. ടി അധ്യാപികയെ 2019-20 വർഷം 9.11.2020 മുതൽ അനുവദിച്ച അധിക എച്ച്.എസ്.ടി. (ഗണിതം) തസ്തികയിലേക്ക് മാറ്റി നിയമിക്കുകയും ചെയ്തു. തുടർന്ന് 2019-20 വർഷം അധിക തസ്തികയടക്കം അനുവദിച്ച 5 തസ്തികകളിൽ നിലനിർത്തിയ (ശ്രീമതി. ചന്ദ്രിക എ. 31-03-2021ന് വിരമിച്ച) ഒഴിവിലാണ് 16-07-2021 മുതൽ മാനേജർ എന്നെ നിയമിച്ചിട്ടുള്ളത്. മേൽ സൂചിപ്പിച്ചതിൽ നിന്ന് വ്യക്തമായ ഒഴിവിലാണ് മാനേജർ എന്നെ പ്രൊമോഷൻ നൽകി നിയമിച്ചത് എന്ന് വ്യക്തമാകുന്നതാണ്.

10.12.2019 ന് ശ്രീ. മുഹമ്മദ് സലീം വി.ടി.കെ.യെ പ്രമോട്ട് ചെയ്ത ഒഴിവിൽ എന്നെ നിയമിക്കുമ്പോൾ എന്റെ പ്രായം 39 വയസ്സായിരുന്നു. എന്റെ ജനനത്തീയതി 17.03.1980. ഹിന്ദു(നായർ) സമുദായത്തിൽ ജനിച്ച എനിക്ക് സേവനത്തിൽ പ്രവേശിക്കുവാനുള്ള ഉയർന്ന പ്രായപരിധി 40 വയസ്സാണ്. 16-07-2021 മുതൽ എനിക്ക് പ്രൊമോഷൻ നല്കി നിയമിച്ചപ്പോൾ എനിക്ക് 41 വയസ്സ്

കഴിഞ്ഞിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സ.ഉ.(കൈ)നം.203/2021/പൊ.വി.വ തീയതി. 28/9/2021 ഉത്തരവിന്റെ ആനുകൂല്യം എന്റെ കാര്യത്തിലും നടപ്പിലാക്കി 16.07.21 മുതൽ എച്ച്.എസ്.ടി. (ഗണിതം)തസ്തികയിലെ എന്റെ നിയമനം അംഗീകരിക്കുവാൻ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്പീൽ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

വടകര വിദ്യാഭ്യാസ ജില്ലയിലെ ശാന്തിനികേതൻ ഹയർ സെക്കൻണ്ടറി സ്ക്കൂളിൽ 4.12.19ന് പ്രമോഷൻ വഴി നിലവിൽ വന്ന റിട്ടയർമെന്റ് വേക്കൻസിയിൽ 10/12/2019 തീയ്യതിക്ക് യു.പി.എസ്.ടി യായി എന്നെ മാനേജർ നിയമിച്ചെങ്കിലും, വ്യവസ്ഥാപിത തസ്തിക നിലവിൽ വരാത്തതിനാൽ എനിക്ക് മേൽ തസ്തികയിൽ നിയമനാംഗീകാരം ലഭിക്കുമായിരുന്നില്ല.

ഈ പ്രത്യേക സാഹചര്യത്തിലും നിയമനത്തിലുള്ള എന്റെ ഉയർന്ന പ്രായ പരിധി കണക്കിലെടുത്തും എന്റെ ഉയർന്ന യോഗ്യത പരിഗണിച്ചും 31.04.2021 ന് HST Maths തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി. ചന്ദ്രിക എ എന്ന അധ്യാപികയുടെ വിരമിക്കൽ ഒഴിവിലേക്ക് 16/07/2021 മുതൽ (സ്കൂൾ തുറന്ന തീയതി 15/07/2021) HST Regular തസ്തികയിൽ എനിക്ക് നിയമനം നൽകുകയുണ്ടായി.

2019-20 വർഷത്തെ വടകര DEO പുറപ്പെടുവിച്ച തസ്തിക നിർണയ ഉത്തരവ് പ്രകാരം എനിക്ക് നിയമനം നൽകിയ മേൽ പ്രകാരമുള്ള HST ഗണിതം തസ്തിക വ്യവസ്ഥാപിതമാണ് (2019-20 ലെ തസ്തിക നിർണയം തന്നെ 2021-22 ലും തുടരുകയാണുണ്ടായത്)

2012-13 അധ്യയന വർഷം സ്കൂളിലെ ഒരു HST ഗണിത തസ്തിക നഷ്ടപ്പെടുകയും ഈ തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്നതും 51എ അവകാശി കൂടിയായ ശ്രീമതി. സുസ്മിത. കെ എം 13/07/2012 മുതൽ മാതൃവിദ്യാലയത്തിൽ നിന്ന് പുറത്തുപോയി സംരക്ഷണാനുകൂല്യത്തോടെ മാത്രം സേവനമനുഷ്ഠിക്കുകയും ചെയ്തിരുന്നു.

2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ശ്രീമതി. സുസ്മിത കെ.എം നെ 51എ അവകാശി എന്ന നിലയിലും, സംരക്ഷിതാധ്യാപിക എന്ന നിലയിൽ പുറത്തുപോയി സേവനമനുഷ്ഠിച്ചു വരുന്നു എന്ന സാഹചര്യത്തിലും ടിയാളെ മാതൃ വിദ്യാലയത്തിൽ നിലവിൽ വന്ന HST വ്യവസ്ഥാപിത അധിക തസ്തികയിലേക്ക് ഉൾക്കൊള്ളിക്കുകയും ക്രമീകരിക്കുകയും ചെയ്തതോടു കൂടി ഈ അധിക തസ്തിക റെഗുലർ തസ്തികയായി മാറുകയും ചെയ്തിട്ടുണ്ട്. ശ്രീമതി. സുസ്മിത കെ എം കോഴിക്കോട് DDE യുടെ ഉത്തരവ് നമ്പർ. B4/13322/2017 തീയ്യതി. 21/06/2017 പ്രകാരം മാതൃവിദ്യാലയത്തിലേക്ക് തിരികെ ജോലിയിൽ പ്രവേശിപ്പിക്കുകയും ചെയ്തതിനാൽ ഈ നടപടി ക്രമപ്രകാരമായി മാറുകയും ചെയ്തതാണ്.

മേൽപ്രകാരം 21/06/2017 മുതൽ സ്ഥിരമായി ടി HST തസ്തികയിൽ

തുടർച്ചയായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. സുസ്മീത കെ എം നെ, എനിക്ക് 16/07/2021 മുതൽ മാനേജർ നിയമനം നൽകിയതും ശ്രീമതി. ചന്ദ്രിക എ 31/03/2021 തീയതിക്ക് വിരമിച്ചത് വഴി നിലവിൽ വന്നതുമായ HST ഗണിതം തസ്തികയിലെ ഒഴിവിലേക്ക് അതായത് ശ്രീമതി. സുസ്മിത കെ എം നെ മേൽ പ്രകാരം എനിക്ക് 16/07/2021 മുതൽ നിയമനം നൽകിയ വിരമിക്കൽ ഒഴിവിലേക്ക് മാറ്റി നിയമിക്കണമെന്നുള്ള വടകര DEO വിന്റെ തടസ്സവാദം നിയമപരമായി നിലനിൽപ്പില്ലാത്തതാണ്. കാരണം, ശ്രീമതി.സുസ്മിത കെ എം 51A അവകാശി എന്ന നിലയിലാണ് സംരക്ഷണാനുകൂല്യത്തിന് ശേഷം അധിക തസ്തിക നിലവിൽ വന്നപ്പോൾ മാതൃ വിദ്യാലയത്തിൽ ജോലിയിൽ പുന.പ്രവേശിച്ചത്. സ്കൂളിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 09/11/2020 ന് ശേഷം ക്രമപ്രകാരം നിലവിൽ വന്ന ആദ്യ HST ഗണിത അധിക തസ്തികയിലേക്കാണ് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ടി അധ്യാപികയെ ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. ഇത്തരം ഒരു സന്ദർഭത്തിൽ ഇങ്ങനെയുള്ള അധ്യാപകരെ വിരമിക്കൽ ഒഴിവിലേക്ക് മാറ്റി നിയമിക്കണമെന്ന് നാളിതുവരെ വിദ്യാഭ്യാസ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യപ്പെടാത്തതിനാലും, സർക്കാർ ഉത്തരവുകൾ ഒന്നും തന്നെ നിലവിൽ ഇല്ലാത്തതിനാലും മാനേജർ എനിക്ക് തന്ന HST ഗണിതം തസ്തികയിലെ 16/07/2021 മുതലുള്ള നിയമനം തികച്ചും ക്രമപ്രകാരമാണ്.

തന്റെ ജനനത്തീയതി അനുസരിച്ച് തനിക്ക് ഇപ്പോൾ മേൽ തസ്തികയിൽ 16/07/2021-ന് മാനേജർ നൽകിയ നിയമനം ഉയർന്ന പ്രായപരിധിക്ക് മുകളിലാണ്. എന്നാൽ സ.ഉ.(കൈ).നം.203/21/പൊ.വി.വ തിയതി 29/01/2021 പ്രകാരം എന്നെപ്പോലുള്ളവർക്ക് ഉയർന്ന പ്രായപരിധിയിൽ വയസിളവ് അനുവദിക്കാമെന്ന് സർക്കാർ പൊതു ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ ഉത്തരവിൽ 01/01/2020 ന് ഉയർന്ന പ്രായപരിധി കഴിയാത്ത, എന്നാൽ 01/01/2021 ന് ഉയർന്ന പ്രായ പരിധി കഴിയുന്നവരുമായ അധ്യാപകർക്ക് അവർ മറ്റു "വിധത്തിൽ യോഗ്യരാണെങ്കിൽ നിയമനാംഗീകാരം നൽകുന്നതിന് ഇളവ് അനുവദിക്കുന്നു" എന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ അത്തരം ഒരു നടപടിക്രമം അങ്ങയിൽ നിന്ന് ഉണ്ടാവണമെന്നുള്ളതാണ് എന്റെ എളിയ അപേക്ഷ. കാരണം, എനിക്ക് സ്കൂളിൽ 10/12/2019 ന് മാനേജർ യു പി എസ് ടി തസ്തികയിലേക്ക് ഒരു ആദ്യ നിയമനം നൽകിയിരുന്നു. ഈ തസ്തിക വ്യവസഥാപിതമായിരുന്നില്ല. 2020-21 2021-22 (14/07/2021 വരെ) എന്നീ വർഷങ്ങൾ കോവിഡ് കാലയളവായതിനാൽ നിയമനങ്ങൾ ഒന്നും തന്നെ നടക്കാതെ വന്നതുകൊണ്ടാണ് യഥാർത്ഥത്തിൽ എനിക്ക് തുടർന്നുള്ള ഒരു നിയമനത്തിന് ഉയർന്ന പ്രായപരിധി പിന്നിട്ട് പോയത്.

എന്നെപ്പോലെ ഒരു മാനേജ്റന്റിന് കീഴിൽ/ വിദ്യാഭ്യാസ ഏജൻസിക്ക് കീഴിൽ ആദ്യ നിയമനം നേടി സേവനമനുഷ്ഠിച്ച ശേഷം അതിൽ നിയമനാംഗീകാരം ലഭിക്കാതെ പിന്നീടുണ്ടാവുന്ന ഒരു റെഗുലർ ഒഴിവിലേക്ക് മാറ്റി നിയമിക്കപ്പെടുമ്പോൾ ഉയർന്ന പ്രായപരിധി പിന്നിട്ടു പോയവർക്ക് സാമാന്യ നീതിയുടെയും മാനുഷിക പരിഗണനയുടെയും അടിസ്ഥാനത്തിൽ സർക്കാർ

വയസ്സിളവ് അനുവദിച്ച് ഉത്തരവാകാറുണ്ട്. അത്തരത്തിൽ ഒരു സർക്കാർ ഉത്തരവ്, സ.ഉ(സാധ)നം.2621/2024 പൊ.വി.വ തീയതി.09/01/2024 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതായും താൻ മനസ്സിലാക്കുന്നു.

മേൽ സാഹചര്യങ്ങൾ മുൻനിർത്തി തനിക്ക് മാനേജർ 16/07/2021 മുതൽ നൽകിയ എച്ച് എസ് ടി വിരമിക്കൽ മൂലം നിലവിൽ വന്ന ഗണിതം തസ്തിക വ്യവസ്ഥാപിതമായതിനാൽ തനിക്ക് തന്റെ ജനനത്തീയതി വെച്ച് (17/03/1980) ഇനി ഒരു ജോലി ലഭിക്കാനുള്ള സാഹചര്യമില്ലാത്തതിനാലും തന്റെ ഉയർന്ന പ്രായപരിധിക്കുള്ള വയസ്സിളവ് അനുവദിക്കാനും ദയയുണ്ടാവണമെന്ന് അപേക്ഷിക്കുകയാണ്.

(3) മാനേജരുടെ വാദം ചുവടെ ചേർക്കുന്നു.

1. KER അധ്യായം XXI ലെ 7(1) മുതൽ 7(4) വരെയുള്ള ചട്ടങ്ങൾ പ്രകാരം 43, 51A, 51B എന്നീ ചട്ടങ്ങൾക്ക് വിധേയമായി മാത്രമേ അധിക തസ്തികകളിൽ 1:1 അനുപാതം പാലിച്ചുകൊണ്ട് സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ടതുള്ളു എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. ടി സ്കൂളിൽ നിന്ന് 13-07-2012 മുതൽ സംരക്ഷണാനുകുല്യത്തോടെ പുറത്തുപോയി സേവനമനുഷ്ഠിച്ച ശ്രീമതി. സുസ്മിത കെ. എം ( HST മാത്സ്) എന്ന അധ്യാപികയെ 51A അവകാശി എന്ന നിലയിൽ 21.6.2017 ന് സ്കൂളിൽ നിലവിൽ വന്ന HST ഇംഗ്ലീഷ് തസ്തികയിൽ കോഴിക്കോട് DDE ഉൾക്കൊള്ളിക്കുകയും തുടർന്ന് വടകര DEO യുടെ B3/52508/2019 തിയ്യതി 08-01-2024 പ്രകാരം പുറപ്പെടുവിച്ച 2019-20 ലെ തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തിയതിയായ 09-11-2020 മുതൽ നിലവിൽ വന്ന അധിക HST മാത്സ് തസ്തികയിൽ ടിയാളെ DEO തന്നെ ഉൾക്കൊള്ളിച്ച് ക്രമീകരിക്കുകയും ചെയ്തതാണ്.

3. മേൽപ്രകാരം DEO യുടെ തസ്തിക നിർണ്ണയ ഉത്തരവ് വഴി മാതൃലാവണത്തിൽ DEO തന്നെ ക്രമീകരിച്ച ശ്രീമതി. സുസ്മിത കെ.എം നെ വീണ്ടും 15-07-2021 മുതൽ നിലവിൽ വന്ന HST മാത്സ് റിട്ടയർമെന്റ് ഒഴിവിലേക്ക് മാറ്റി ക്രമീകരിക്കാൻ നിർദ്ദേശിക്കുന്നത് KER അധ്യായം XXI ചട്ടം 7വ്യവസ്ഥകൾക്ക് വിരുദ്ധമായതാണ്.

4. 51 എ അവകാശി എന്ന നിലയിൽ മാതൃ സ്കൂളിൽ തിരിച്ചു നിയമിക്കപ്പെട്ടാൽ അന്നുമുതൽ അയാൾ പ്രൊട്ടക്റ്റഡ് അധ്യാപികയല്ല എന്നതാണ് നിയമവ്യവസ്ഥ. ചട്ടം 7(6) ഇവിടെ ബാധകമല്ലാത്തതിനാൽ DEO വിന്റെ ഈ നിർദ്ദേശം ചട്ടത്തിന് എതിരാവുകയേയുള്ളു. ഇവിടെ 51 എ അവകാശിയായ അധ്യാപികയെ ക്രമീകരിച്ചത് വഴി ടി തസ്തിക റെഗുലർ തസ്തികയായി മാറിക്കഴിഞ്ഞു. സ. ഉ. 136/2021/ പൊ.വി.വ തിയ്യതി 31-03-2021 പ്രകാരം ഈ തസ്തിക 'Which are permanent' ഗണത്തിൽ പെട്ടതുമാണ്.

5. ശ്രീമതി. ജിജി. ബി 10-12-2019 ന് സ്കൂളിൽ നിയമിതയായ അധ്യാപികയായിരുന്നു. ടിയാളുടെയോ മാനേജരുടെയോ അല്ലാത്ത കാരണത്താൽ

(കോവിഡ് പിരീഡ്) മാത്രമാണ് അവർക്ക് നിയമനാംഗീകാരം ലഭിക്കാതെ പോയത്.

**6.** ടിയാളുടെ ആദ്യ നിയമന തിയ്യതി ഉയർന്ന പ്രായപരിധിക്കകത്തായത് കൊണ്ട് സ. ഉ. (കൈ **203/2021** തിയ്യതി **28-09-2021** പ്രകാരം **01-01-2020** ന് ഉയർന്ന പ്രായപരിധി കഴിയാത്തതും **01.01.2021** ന് ഉയർന്ന പ്രായപരിധി കഴിയുന്നവരുമായ അധ്യാപിക എന്ന നിലയിൽ തന്നെ അവർക്ക് **16-07-2021** മുതൽ നൽകിയ വ്യവസ്ഥാപിത **HST** ഗണിതം തസ്തികയിലെ നിയമനാംഗീകാരത്തിന് മറ്റു തടസ്സങ്ങൾ ഒന്നുമില്ലാത്തതിനാൽ ടിയാളുടെ മേൽ നിയമനം അംഗീകരിക്കാൻ ആവശ്യമായ ഒരു സർക്കാർ നിർദ്ദേശം വടകര **DEO** വിന് നൽകണമെന്ന് ഒരിക്കൽ കൂടി അപേക്ഷിക്കുകയാണ്.

**7.** സർക്കാർ പുറപ്പെടുവിച്ച സ. ഉ. (സാധാ) നം. **2621/2024/GEDN** തിയ്യതി **09-01-2024** ഉത്തരവ് പ്രകാരം മേൽപ്രകാരമുള്ള കേസുകളിൽ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ട് സർക്കാർ തന്നെ പ്രത്യേക അനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(4) വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന തിരുവള്ളൂർ ശാന്തിനികേതൻ ഹയർ സെക്കണ്ടറി സ്കൂളിലെ യു. പി. എസ്.ടി. ശ്രീ. മുഹമ്മദ് സലിം. വി. ടി കെ യെ എച്ച്. എസ്. ടി (ഇംഗ്ലീഷ്) ആയി പ്രൊമോട്ട് ചെയ്ത ഒഴിവിൽ ശ്രീമതി. ജിജി ബി യെ **10/12/2019** മുതൽ യു. പി. എസ്. ടി തസ്തികയിൽ മാനേജർ നിയമിച്ചു. മാനേജർ യഥാസമയം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനാൽ **2016-17** വർഷം മുതൽ തസ്തിക നിർണ്ണയം നടത്താത്തതിനാൽ വ്യവസ്ഥാപിത ഒഴിവ് ലഭ്യമല്ല എന്ന കാരണത്താൽ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവായിരുന്നു. ഇതിനെതിരെ സമർപ്പിച്ച അപ്പീലും ഇതേ കാരണത്താൽ വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചുത്തരവായിരുന്നു.

തുടർന്ന് മാനേജർ ശ്രീമതി. ജിജി ബി യെ സ്കൂളിലെ റഗുലർ എച്ച്. എസ്. ടി (ഗണിതം) അധ്യാപിക ശ്രീമതി ചന്ദ്രിക എ **31/3/2021** ന് വിരമിച്ച ഒഴിവിൽ **15/7/2021** മുതൽ എച്ച്. എസ്. ടി ഗണിതം തസ്തികയിൽ നിയമിക്കുകയും അംഗീകാരത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. **2016-17** അധ്യയന വർഷം മുതൽ തസ്തിക നിർണയം നടത്തിയിട്ടില്ലാത്തതിനാൽ തസ്തിക ലഭ്യമാണോ എന്ന് പരിശോധിക്കുവാൻ കഴിയാത്തതിൽ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവായിരുന്നു. ഇതിനെതിരെ മാനേജർ അപ്പീൽ സമർപ്പിക്കുകയും ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച കാരണങ്ങളാലും **2022** ന് ശേഷം ഭിന്നശേഷി സംവരണം പാലിക്കാതെ നടത്തിയ നിയമനങ്ങളിൽ **19808/2021** റിട്ട് ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിന്യായ പ്രകാരമായിരിക്കുമെന്ന് ഉത്തരവായിട്ടുള്ളതിനാലും അപ്പീൽ വിദ്യാഭ്യാസ ഉപഡയറക്ടും നിരസിച്ച് ഉത്തരവായിരുന്നു.

2016-17 മുതലുള്ള അദ്ധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് സ്കൂൾ മാനേജർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത 12313/2024 നമ്പർ റിട്ട് ഹർജിയിൻ മേൽ 27/3/2024 തിയതിയിൽ അന്തിമ വിധി ന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം 2016-17 മുതൽ സ്ക്കൂളിൽ വ്യവസ്ഥാപിത റെഗുലർ റിട്ടയർമെന്റ് ഒഴിവിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ 7/8/2023 തിയതിയിലെ എൽ2/73/2022/പൊ.വി.വ കത്തിലെ നിർദ്ദേശ പ്രകാരം പുന.പരിശോധിച്ച് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിനും എച്ച്.എസ്.ടി തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കപ്പെടുന്ന മുറയ്ക്ക് യു. പി. എസ്. ടി തസ്തികയിൽ ഉണ്ടാകുന്ന വ്യവസ്ഥാപിത ഒഴിവുകൾ പരിഗണിച്ചുകൊണ്ട് ക്രമപ്രകാരമായ നിയമന ക്രമീകരണ ഉത്തരവ് ലഭ്യമാക്കാൻ മാനേജർക്ക് നിർദേശം നൽകുന്നതിനും, നിയമന ക്രമീകരണ ഉത്തരവ് അംഗീകരിക്കുന്ന മുറയ്ക്ക് വിദ്യാലയത്തിലെ യു. പി. എസ്. ടി തസ്തികയിലെ നിയമനങ്ങൾ പുനഃപരിശോധിച്ച് മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിന് സർക്കാർ നിർദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മാനേജർ പുന.സമർപ്പിച്ച പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ 17 അധ്യാപക നിയമനങ്ങൾ ജില്ലാവിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 6 യു. പി. എസ്. ടി തസ്തികയിൽ നിയമനാംഗീകാരത്തോടെ 5 സീനിയർ യു. പി. എസ്. ടി മാർ തുടരുന്നു. 2018-19 വർഷം മാനേജർ നിയമിച്ച 3 സീനിയർ അധ്യാപകർ നിയമനാംഗീകാരം ഇല്ലാതെ തുടരുന്നു. പ്രസ്തുത അധ്യാപകരിൽ 2 പേരെ ഉൾകൊള്ളാൻ 2018-19 വർഷം വ്യവസ്ഥാപിത തസ്തിക ലഭ്യമായിരുന്നില്ല. ടി അധ്യാപകരെ 15/07/2021, 16/07/2021 എന്നീ തിയതികളിൽ സംജാതമാകുന്ന ഒഴിവുകളിൽ മാനേജർ ക്രമീകരിക്കുകയും ആയത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ 2019-20 വർഷത്തെ തസ്തിക നിർണയ ഉത്തരവിൽ ഫിറ്റ്നസ് സർട്ടിഫിക്കററ് ലഭ്യമായ 9/11/2020 മുതൽ 2 അധിക യു.പി. എസ് ടി തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ശ്രീമതി. ജിജി ബി യുടെ യു.പി.എസ്.ടി. തസ്തികയിലെ നിയമനം പരിഗണിക്കാതെയാണ് നിലവിൽ മാനേജർ ശ്രീമതി ജിജി ബി യുടെ സ്ക്കൂളിലെ എച്ച് എസ് ടി ഗണിതം അധ്യാപികയായ ശ്രീമതി.ചന്ദ്രിക എ 31/3/2021 ന് വിരമിച്ച ഒഴിവിലേക്ക് 16/07/2021 മുതൽ പുതുതായി നിയമനം നൽകി ക്രമീകരിച്ചിട്ടുള്ളത്.

എച്ച് എസ്. ടി (ഗണിതം) ശ്രീമതി എ ചന്ദ്രിക 31/3/2021 നു സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിലേയ്ക്ക് അധിക തസ്തികയിൽ നിലനിർത്തിയ ശ്രീമതി. സുസ്മിത കെ.എം നെ ഉൾക്കൊള്ളേണ്ടതിനാൽ ശ്രീമതി.ജിജി ബി യെ 16/7/2021 മുതൽ ഉൾക്കൊള്ളാൻ 9/11/2020 മുതൽ അനുവദിച്ച 1 അധിക തസ്തികയാണ് ലഭ്യമാകുന്നത്. എന്നാൽ 9/11/2020 മുതൽ ടിയാരിയെ മാറ്റി നിയമിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ മാനേജർ സമർപ്പിച്ചിട്ടില്ല. മാത്രമല്ല കോവിഡ് സാഹചര്യത്തിൽ നിയമനം നടത്താനും കഴിയുമായിരുന്നില്ല.

എന്നാൽ മാനേജർ ടിയാളെ 9/11/2020 മുതൽ അനുവദിച്ച 1 അധിക തസ്തികയിലേക്ക് 15/7/2021 മുതൽ മാററി ക്രമീകരിച്ച് സ. ഉ നം. 4/21/പൊവിവ പ്രകാരമുള്ള സത്യവാങ്ങ്മൂലം സമർപ്പിച്ചിരുന്നു എങ്കിൽ കോവിഡ് സാഹചര്യത്തിൽ നൽകിയ G.O(MS)No.203/2021/GEDN dated, 28/9/21 ഇളവ് അനുസരിച്ച് തന്നെ അംഗീകരിക്കാമായിരുന്നു.

(5) റിവിഷൻ ഹർജി മേൽ സമർപ്പിച്ച റിപ്പോർട്ടുകളുടെയും ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും നിലവിലുള്ള ചട്ടങ്ങളുടെയും/ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

വടകര വിദ്യാഭ്യാസ ജില്ലയിലെ തിരുവള്ളൂർ ശാന്തിനികേതൻ ഹയർ സെക്കൻണ്ടറി സ്ക്കൂളിലെ യു.പി.എസ്.ടി ആയ ശ്രീ.മുഹമ്മദ് സലീം വി.ടി.കെ യെ എച്ച് എസ്.ടി ആയി സ്ഥാനക്കയറ്റം ചെയ്ത ഒഴിവിൽ 10.12.2019 മുതൽ ഹർജിക്കാരിയെ നിയമിക്കുമ്പോൾ ഹർജിക്കാരിയുടെ പ്രായം 39 വയസ്സായിരുന്നു. (ജനന തീയതി 17/3/1980) നായർ സമുദായത്തിൽ ജനിച്ച ടിയാൾക്ക് സേവനത്തിൽ പ്രവേശിക്കുവാനുള്ള പ്രായപരിധി 40 വയസ്സാണ്. 16.7.2021 മുതൽ പ്രമോഷൻനൽകി നിയമിച്ചപ്പോൾ 41 വയസ് കഴിഞ്ഞിട്ടുള്ളതായും മേൽ സാഹചര്യത്തിൽ സ.ഉ.(കൈ)നം. 203/2021 പൊ.വി.വ തീയതി 28/9/2021 ഉത്തരവിന്റെ ആനുകൂല്യം ടിയാളുടെ കാര്യത്തിലും നടപ്പാക്കി 16/7/2021 മുതൽ എച്ച്.എസ്.ടി (ഗണിതം) തസ്തികയിലെ നിയമനം അംഗീകരിക്കുവാൻ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നതാണ് ശ്രീമതി. ജിജി.ബിയുടെ റിവിഷൻ ഹർജിയിലെ ആവശ്യം.

വടകര വിദ്യാഭ്യാസ ജില്ലയിലെ തിരുവള്ളൂർ ശാന്തിനികേതൻ ഹയർ സെക്കന്ററി സ്കൂളിലെ യു.പി.എസ് റ്റി ആയ ശ്ര മുഹമ്മദ് സലിം വി.ടി.കെ-യെ എച്ച്.എസ് റ്റി ആയി സ്ഥാനക്കയറ്റം ചെയ്ത ഒഴിവിൽ 10-12-2019 മുതൽ ശ്രീമതി.ജിജി ബി യെ മാനേജർ നിയമിക്കുകയുണ്ടായി. എന്നാൽ മാനേജർ യഥാസമയം ഫിറ്റ്നസ് സമർപ്പിക്കാത്തതിനാൽ 2016-17 വർഷം മുതൽ തസ്തിക നിർണ്ണയം നടത്താത്തതിനാൽ വ്യവസ്ഥാപിത ഒഴിവു ലഭ്യമല്ല എന്ന് കാണിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം നിരസിക്കുകയുണ്ടായി. അതിനെതിരെ സമർപ്പിച്ച അപ്പീൽ വിദ്യാഭ്യാസ ഉപ ഡയറകടറും നിരസിക്കുകയുണ്ടായി.

28-05-24 തീയതിയിലെ സർക്കാർ കത്ത് എൽ2/49/2024/പൊവിവ-ൽ ചുവടെ പറയും പ്രകാരം നിർദേശം നൽകുകയുണ്ടായി.

""തിരുവള്ളൂർ ശാന്തിനികേതൻ ഹയർ സെക്കന്ററി സ്കൂൾ മാനേജർ 2016 -17 മുതൽ സ്കൂളിൽ വ്യവസ്ഥാപിത റഗുലർ റിട്ടയർമെന്റ് ഒഴിവിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ 07/08/2023 തിയതിയിലെ എൽ-2/49/2024/പൊവിവ കത്തിലെ നിർദേശപ്രകാരം പുനഃപരിശോധിച്ച് മററു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിനും എച്ച്.എസ്.റ്റി തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കപ്പെടുന്ന മുറക്ക് യു.പി.എസ്.റ്റി തസ്തികയിൽ ഉണ്ടാകുന്ന വ്യവസ്ഥാപിത ഒഴിവുകൾ പരിഗണിച്ചുകൊണ്ട് ക്രമപ്രകാരമായ നിയമന

ക്രമീകരണ ഉത്തരവ് ലഭ്യമാക്കാൻ മാനേജർക്ക് നിർദേശം നൽകുന്നതിനും നിയമന ക്രമീകരണ ഉത്തരവ് അംഗീകരിക്കുന്ന മുറക്ക് വിദ്യാലയത്തിലെ യുപി.എസ്റ്റി തസ്തികയിൽ നിയമനങ്ങൾ പുനഃപരിശോധിച്ച് മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച് നൽകാനും നിർദേശം നൽകുന്നു.""

തുടർന്ന് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 08 -01 2024 തീയതിയിലെ ബി3/52508/2019 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 2019 -20 ലെ തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തിയതിയായ ൦9-11-2020 മുതൽ ഒരു എച്ച്.എസ് റ്റി (മാത്സ് )അധിക തസ്തിക അനുവദിക്കപ്പെട്ടിരുന്നു.

തിരുവള്ളൂർ ശാന്തിനികേതൻ ഹയർ സെക്കന്ററി സ്കൂളിൽ നിന്നും 13-07-2012 മുതൽ സംരക്ഷണാകൂല്യത്തോടെ പുനർ വിന്യസിക്കപ്പെട്ടു സേവനമനുഷ്ഠിച്ച ശ്രീമതി. സുസ്മിത കെ.എം -നെ 51എ അവകാശി എന്ന നിലയിലും 21.06.2017 ന് ടി സ്കൂളിൽ നിലവിൽ വന്ന എച്ച് എസ്റ്റി (ഇംഗ്ലീഷ്) തസ്തികയിൽ ജി.ഒ (എംഎസ്)11/ 2002 തീയതി 07.01.2002 പ്രകാരം നിലനിർത്തുകയും 09.11.2020 മുതൽ ഒരു എച് എസ് ടി (മാത്സ് )അധിക തസ്തിക അനുവദിക്കപ്പെട്ടപ്പോൾ ആദ്യമായി ഉണ്ടായ ഈ തസ്തികയിലേക്ക് ഉൾക്കൊള്ളിച്ചു കൊണ്ട് DEO ക്രമീകരിച്ചിരുന്നു.

ടി സ്കൂളിലെ റഗുലർ എച്ച്.എസ്ടി (ഗണിതം) അദ്ധ്യാപിക ആയ ശ്രീമതി. ചന്ദ്രിക. എ 31.03.2021 ന് വിരമിച്ചത് വഴിയുണ്ടായ ഒഴിവിൽ മാനേജർ ശ്രീമതി.ജിജി.ബി-യെ 16-07-2021 മുതൽ നിയമിക്കുകയുണ്ടായി. നിയമിച്ചിരുന്ന സമയത്ത് ടി. അധ്യാപികയ്ക്ക് ഉയർന്ന പ്രായ പരിധി കടന്നിരുന്നു. എന്നാൽ കോവിഡ് കാലയളവിൽ നിയമന പ്രായ പരിധി കടന്നവർക്ക് ഇളവ് അനുവദിച്ചു കൊണ്ട് പുറപ്പെടുവിച്ച സ.ഉ(കൈ) നം.203/21/പൊവിവ തീയതി 29.01.2021 ഉത്തരവിലെ ആനുകൂല്യം ടിയാരിക്കു കൂടി ലഭിക്കും എന്നതിന്റെ കൂടി അടിസ്ഥാനത്തിലായിരുന്നു ടി നിയമനം.

ശ്രീമതി. ജിജി-യുടെ റഗുലർ എച്ച്.എസ് റ്റി (ഗണിതം ) ആയുള്ള നിയമനം അംഗീകരിക്കുന്നതിനായി, അപേക്ഷ മാനേജർ സമന്വയ മുഖാന്തിരം സമർപ്പിച്ചിരുന്നു. എന്നാൽ ടി നിയമനം ചുവടെ പറയുന്ന കാരണങ്ങളാൽ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി.

തിരുവള്ളൂർ ശാന്തിനികേതൻ ഹയർ സെക്കന്ററി സ്കൂളിന് 2016 -17 അധ്യയന വർഷം മുതൽ തസ്തിക നിർണ്ണയം നടത്തിയിട്ടില്ല. ആയതിനാൽ തസ്തിക ലഭ്യമാണോ എന്ന് പരിശോധിക്കാൻ കഴിയില്ല. ആന്റീസിഡന്റ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല. ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല. സംരക്ഷിതാധ്യാപകരെ സംബന്ധിച്ചുള്ള ഡിക്ലറേഷൻ സമർപ്പിച്ചിട്ടില്ല. സ ഉ.(പി) 29/16/പൊ.വി.വ തീയതി 29-01-2016 പ്രകാരമുള്ള ഡിക്ലറേഷൻ സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് മാനേജർ കോഴിക്കോട് ഡി ഡി ഇ-ക്ക് സമർപ്പിച്ച അപ്പീലും നിരസിക്കകയുണ്ടായി.

തുടർന്ന് മാനേജർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി. (സി)നം.12313/2024 ന്മേലുള്ള വിധിന്യായത്തിന്റെ വെളിച്ചത്തിൽ 28-05-2024 തിയതിയിലെ എൽ-2/49/2024 /പൊവിവ നമ്പർ കത്ത് പ്രകാരം നിർദേശം നൽകുകയാണുണ്ടായത്.

ശ്രീമതി.ജിജിയുടെ റഗുലർ എച്ച്എസ് റ്റി (ഗണിതം ) നിയമനത്തിന് വിദ്യാഭ്യാസ ഓഫീസർമാർ തടസ്സവാദം ഉന്നയിക്കുന്നത് പ്രധാനമായും ഇവയാണ്.

ശ്രീമതി. എ ചന്ദിക 31/03/2021 ന് സേവനത്തിൽ നിന്നും വിരമിച്ച റഗുലർ എച്ച് എസ് എസ് ടി (ഗണിതം) ഒഴിവിലേക്ക് അധിക തസ്തികയിൽ നിലനിർത്തിയ ശ്രീമതി. സുസ്മിത കെ.എം നെ ഉൾക്കൊള്ളേണ്ടതുണ്ട് . പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി ജിജി ബി യെ 16-07-2021 മുതൽ ഉൾക്കൊള്ളാൻ 09.11.2020 മുതൽ അനുവദിച്ച 1 അധിക മാത്സ് തസ്തികയാണ് ലഭ്യമാകുന്നത്. അതിനായി മാനേജർ സ.ഉ (പി) നം. 02/2023/പൊവിവ തീയതി 23-01-2023, സ. ഉ (പി) നം. 4/21/പൊവിവ തിയതി 26-02-2021, സർക്കുലർ നം. എച്-2/19500/2021 പ്രകാരമുള്ള സത്യവാങ്മൂലം സമർപ്പിക്കണം. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നമ്പർ ഡി പി ഐ /85534/2018 എച്ച്2 തീയതി 12/09/2019 ലെ കത്ത് പ്രകാരം കെ ഇ ആർ അധ്യായം XXI ചട്ടം 7(1), 7(2) പ്രകാരം സംരക്ഷധ്യാപകരെ നിയമിക്കുന്നതിനായി മാറ്റിവെക്കേണ്ട ഒഴിവുകളിൽ സംരക്ഷിതാധ്യാപകരേ നിയമിക്കാവൂ എന്നും ഇത്തരത്തിൽ മാതൃ വിദ്യാലയത്തിലെ സംരക്ഷധ്യാപകരെ നിയമിച്ചാലും അതിനെ ചട്ടപ്രകാരമുള്ള സംരക്ഷധ്യാപകനായിരിക്കണമെന്നും പിന്നീട് മാതൃ വിദ്യാലയത്തിലോ മാനേജുമെന്റിന്റെ ഒഴിവു വരുമ്പോൾ അവരെ ആ ഒഴിവിലേക്ക് മാറ്റേണ്ടതും പകരം ഒഴിവിൽ സംരക്ഷിതാധ്യാപകരെ തന്നെ നിയമിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ടെന്നും കൂടാതെ 16/07/2021 തീയതിയിലേക്ക് ശ്രീമതി ജിജിയെ പുതിയതായി നിയമനം നടത്തുമ്പോൾ അപേക്ഷകയുടെ പ്രായം 01-01-2021 അടിസ്ഥാനമാക്കിയാൽ 40 വയസ്സും 9 മാസവും 16 ദിവസവും ആകുന്നതുമാണ്. ആക്കാരണത്താൽ നിയമിതക്ക് പ്രായപരിധി അധികരിക്കുന്നു.

കൂടാതെ ഈ വിഷയം പരിശോധിക്കുമ്പോൾ ചുവടെ പറയുന്ന വസ്തുതകൾ കൂടി വിശകലനം ചെയ്യേണ്ടതായി കാണുന്നു.

എ) മാനേജർ ശ്രീമതി ജിജി ബി യെ വ്യവസ്ഥാപിത തസ്തികയില്ലാതെ 10-12-2019 മുതൽ യുപി എസ്.റ്റി ആയി നിയമിച്ചിരുന്നത് പിൻവലിക്കാനായി പ്രൊപ്പോസൽ വിദ്യാഭ്യാസ ഓഫീസർക്ക് നൽകേണ്ടതും, വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയത് അംഗീകരിച്ച് നൽകേണ്ടതുമാണ് .

ബി) തിരുവള്ളൂർ ശാന്തിനികേതൻ ഹയർ സെക്കന്ററി സ്കൂളിൽ 28-05-2024 തീയതിയിലെ എൽ-2/49/2024/പൊവിവ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ 2019 -20 ലെ തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തിയതിയായ 9-11-2020 മുതൽ ഒരു എച്ച്.എസ്റ്റി (മാത്സ് )അധിക തസ്തിക അനുവദിച്ചിട്ടുണ്ട്. ഈ തസ്തികയിലേക്കാണ്

ടി സ്കൂളിൽ നിലവിലുണ്ടായിരുന്ന 51എ അവകാശിയായ ശ്രീമതി സുസ്മിത കെ എം-നെ 9-11.2020 മുതൽ നിലവിൽ വന്ന (ആദ്യം വന്ന ഒഴിവിലേക്ക് ഫിറ്റ്നസ് തീയതിയുടെ അടിസ്ഥാനത്തിൽ) ഒരു എച്ച്. എസ് റ്റി (മാത്സ്)അധിക തസ്തികയിലേക്ക് ഉൾക്കൊള്ളിച്ചു കൊണ്ട് DEO ക്രമീകരിച്ചിരിക്കുന്നത്. ടി അധിക തസ്തിക റെഗുലർ തസ്തികയായി മാറുകയും ചെയ്തിട്ടുണ്ട്. സ .ഉ(കൈ)നം 136/2021/ പൊവിവ തീയതി 31 -03 -2021 യിലെ ഖണ്ഡിക (3) (എ )യിൽ അധിക തസ്തികകൾ കെ.ഇ.ആർ അധ്യായം XIII ലെ വ്യവസ്ഥകളനുസരിച്ചു അനുവദിക്കപ്പെടുന്നതിനാൽ അവ റെഗുലർ തസ്തികകളാണ് . അവയെ "ടെമ്പററി" "പെർമനന്റ് " എന്നിങ്ങനെ വേർതിരിച്ചു കാണുന്ന രീതിക്കു നിയമപരമായ സാധുതയോ ഏതെങ്കിലും ചട്ടങ്ങളുടെ പിൻബലമോ ഇല്ല. യഥാർഥത്തിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ എല്ലാ അധ്യാപക തസ്തികകളും അതത് അക്കാദമിക വർഷത്തെ ആറാം സാധ്യായ ദിവസത്തിൽ റോളിലുള്ള കുട്ടികളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കുന്നു. പെർമനെന്റ് തസ്തികയായി അനുവദിക്കപ്പെടുന്നവ പോലും അടുത്ത വർഷത്തെ ആറാം സാധ്യായ ദിവസത്തിൽ ഡിവിഷൻ നിലനിർത്താനാവശ്യമായ കുട്ടികളിലാത്ത പക്ഷം തസ്തിക നിർണ്ണയത്തിൽ നഷ്ടപ്പെട്ടെന്ന് വന്നേക്കാം. ആയതിനാൽ അധിക തസ്തികകൾ ഉൾപ്പെടെയുള്ള എല്ലാ തസ്തികകളെയും, ടെമ്പററി " “പെർമനന്റ് ' എന്നിങ്ങനെ വേർതിരിക്കുന്ന നിലവിലുള്ള കീഴ്‌വഴക്കം ഇനിയുള്ള തസ്തിക നിർണ്ണയ ഉത്തരവുകളിൽ തുടരേണ്ടതില്ല എന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ ഉത്തരവിൽ പ്രതിപാദിക്കുന്ന വിധമാണെങ്കിൽ ശ്രീമതി. സുസ്മിത കെ.എം - നെ 9 -11- 2020 മുതൽ എച്ച് എസ് റ്റി (മാത്സ് )ആയി ക്രമീകരിക്കപ്പെട്ട അധിക തസ്തിക, റഗുലർ തസ്തികയായി മാറുകയും ചെയ്തിട്ടുണ്ട് എന്ന് കാണുന്നു.

സി) 28/02/2019 ലെ ജി.ഒ.(പി) 03/19 /പൊവിവ , 08 /03/2019 ലെ ജെ2/ 57/19/പൊവിവ സർക്കുലർ എന്നിവയിലൂടെ ചട്ടം 51 എ അവകാശികളെ 1:1 വ്യവസ്ഥ പാലിക്കാതെ അധിക തസ്തികകളിൽ നിയമിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇങ്ങനെ നിയമിക്കപ്പെട്ടവരെ പിന്നീട് ഉണ്ടാവുന്ന റെഗുലർ ഒഴിവിലേക്ക് മാറ്റി നിയമിക്കണമെന്ന യാതൊരു വ്യവസ്ഥയോ നിർദ്ദേശങ്ങളോ ഏതെങ്കിലും സർക്കാർ ഉത്തരവുകളിലോ ചട്ടങ്ങളിലോ നിഷ്കർഷിച്ചു കണ്ടിട്ടില്ല. കെ.ഇ. ആർ അദ്ധ്യായം 21 ചട്ടം 7(2) നടപ്പാക്കുമ്പോൾ ചട്ടപ്രകാരമുള്ള അവകാശികളെ നിയമിക്കാൻ ഒരേസമയം അധിക തസ്തികയും റെഗുലർ തസ്തികയും നിലവിലുള്ള സാഹചര്യത്തിൽ അവയിൽ റഗുലർ തസ്തികയ്ക്കു മുൻഗണന നൽകി അതിൽ അവരെ നിയമിച്ചതിനു ശേഷം മാത്രം അഡീഷണൽ തസ്തിക നികത്തിയാൽ മതിയാകുമെന്ന ഒരു നിർദ്ദേശം 8-3-2019 ലെ ജെ.2/57/2019/പൊവിവ സർക്കുലറിലൂടെ നൽകപ്പെട്ടിട്ടുണ്ട്. ഈ കേസിൽ അപ്രകാരം സമാന്തരമായി രണ്ടുതരം ഒഴിവുകൾ ഒരേ സമയത്തു ഉണ്ടായിട്ടില്ലെന്ന് കാണുന്നു. അധിക തസ്തികയിലെ എച്ച്.എസ് റ്റി (മാത്സ്) തസ്തികയിലെ ഒഴിവ് 9-11-2020 മുതൽക്കും ശ്രീമതി. ചന്ദ്രിക എ 31 -03 -2021 ന് വിരമിച്ചത് വഴിയുണ്ടായ ഒഴിവ് 31 -03 -2021 നും. ഇവിടെ 9-11-2020

മുതൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റിന്റെ ന്റെ അടിസ്ഥാനത്തിൽ തസ്തിക അനുവദിക്കപ്പെട്ടപ്പോൾ, മറ്റൊരു വിഷയത്തിൽ നിലനിന്നിരുന്ന ടീച്ചറെ ഇപ്രകാരം അനുവദിക്കപ്പെട്ട ഒരു തസ്തികയിലേയ്ക്ക് നിലനിർത്തുമ്പോൾ ആയത് ഒരു താൽക്കാലിക സംവിധാനമാണെന്നോ, അതിന് ഒരു ക്ലിപ്തമായ സമയപരിധിയുണ്ടെന്നോ, അവരെ പിന്നീടുണ്ടാകുന്ന റെഗുലർ ഒഴിവിലേയ്ക്ക് മാററിനിയമിക്കണമെന്നോ യാതൊരു സർക്കാർ നിർദ്ദേശങ്ങളിലും ചട്ടങ്ങളിലും വ്യക്തമാക്കിയിട്ടില്ല. അതുകൊണ്ട് ശ്രീമതി സുസ്മിതയെ താൽക്കാലികമായി നിലനിർത്തി എന്നത് ഒരു ചട്ടത്തിന്റേയും സർക്കാർ ഉത്തരവിന്റേയും പിൻബലമില്ലാതെയാണ്.

ഡി) **16/07/2021** തീയതിയിലേക്ക് ശ്രീമതി ജിജിയെ പുതിയതായി നിയമനം നടത്തുമ്പോൾ അപേക്ഷകയുടെ പ്രായം **01-01-2021** അടിസ്ഥാനമാക്കിയാൽ **40** വയസ്സും **9** മാസവും **16** ദിവസവും ആകുന്നു. നിയമിതക്ക് പ്രായ പരിധി അധികരിക്കുന്നു.

ശ്രീമതി. ജിജിയെ **10-12-2019** ന് മാനേജർ യു.പി.എസ്.റ്റി തസ്തികയിലേക്ക് ആദ്യ നിയമനം നടത്തിയിരുന്നു. ഈ തസ്തിക വ്യവസ്ഥാപിതമല്ലാത്തതിനാൽ തന്നെ വിദ്യാഭ്യാസ ഓഫീസർ ആയത് നിരസിച്ചു നൽകിയിട്ടുമുണ്ട്. തുടർന്ന് **2020-21, 2021 -22** അധ്യയന വർഷങ്ങളിൽ കോവിഡ് കാലമായതിനാൽ നിയമനങ്ങൾ നടന്നിട്ടുമില്ലായിരുന്നു .

കോവിഡ് സാഹചര്യത്തിൽ അധ്യാപക നിയമനങ്ങൾക്ക് പ്രായപരിധിയിൽ ഇളവനുവദിച്ചു കൊണ്ട് **28-09-2021** ൽ സ.ഉ (കൈ)നം. **203/2021** /പൊവിവ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിൽ **06-07-2021** ലെ സ.ഉ (സാധാ)നം **3287/2021**/പൊവിവ ഉത്തരവ് പ്രകാരമുള്ള സ്റ്റാഫ് ഫിക്സേഷൻ തന്നെ **2020-21, 2021-22,** അധ്യയന വർഷങ്ങളിലും തുടരുമെന്നും **2021 -22** വർഷം എയ്ഡഡ് സ്കൂളുകളിൽ റെഗുലർ തസ്തികകളിൽ ഉണ്ടാകുന്ന (റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ, മരണം തുടങ്ങിയവ ) അധ്യാപക ഒഴിവുകൾ ചട്ടപ്രകാരമുള്ള നിയമന നടപടികൾ പാലിച്ച് **15/07/2021** മുതൽ മാനേജർക്ക് നടത്താവുന്നതാണെന്നും ഉത്തരവായിരുന്നു. **2021 -22** അധ്യയന വർഷത്തിൽ റെഗുലർ ഒഴിവിൽ നടത്താൻ നിർദ്ദേശിച്ചിട്ടുള്ള നിയമനങ്ങളിൽ മാത്രം **01 -01 - 2020** ന് നിയമനത്തിനുള്ള നിർദിഷ്ട ഉയർന്ന പ്രായ പരിധി കഴിയാത്ത എന്നാൽ **01 -01 -2021** നു നിർദിഷ്ട ഉയർന്ന പ്രായ പരിധി കഴിയുന്നവരുമായ അധ്യാപകർക്ക് അവർ മറ്റ് വിധത്തിൽ യോഗ്യരാണെങ്കിൽ, നിയമനാംഗീകാരം നൽകുന്നതിന് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ടും ഉത്തരവായിരുന്നു.

ശ്രീമതി. ജിജിയുടെ ഹിയറിംഗ് നോട്ടിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളിൽ നിന്നും ടിയാരിയുടെ ജനന തീയതി **17-03-1980** ആണ്. ഇത് പ്രകാരം **01-01-20**-ൽ **40** വയസ് പൂർത്തിയാകുന്നില്ല. ഒരു മാനേജുമെന്റിന് കീഴിൽ ആദ്യ നിയമനം നേടി സേവനമനുഷ്ഠിച്ച ശേഷം അതിൽ നിയമനാംഗീകാരം ലഭിക്കാതെ പിന്നീടുണ്ടാകുന്ന ഒരു റെഗുലർ ഒഴിവിലേക്ക് മാറ്റി നിയമിക്കപ്പെടുമ്പോൾ ഉയർന്ന

പ്രായപരിധി കടക്കുന്ന സാഹചര്യം അപേക്ഷയിൽ വ്യക്തമാക്കിയിരിക്കുന്നത് കൂടി പരിഗണിച്ചും 28-09-2021 തീയതിയിലെ സ.ഉ(കൈ)നം.203/2021/പൊവിവ ഉത്തരവിന്റെ ആനുകൂല്യം ടിയാരിയുടെ 16-07-2021 ലെ നിയമനത്തിന് വയസ്സിളവിന്റെ ആനുകൂല്യം ബാധകമാക്കണമെന്നതാണ് ആവശ്യം.

(6) മേൽ വിവരിച്ചതിൽ നിന്നും, മാനേജർ നടത്തിയ ടി നിയമനം നിരസിക്കുവാൻ വിദ്യാഭ്യാസ അധികൃതർ ഉയർത്തിയ തടസ്സവാദങ്ങൾ ഹർജിക്കാരി ഉന്നയിച്ച എതിർ വാദങ്ങൾ പരിശോധിക്കുമ്പോൾ നിലനിൽക്കില്ലെന്ന് ബോധ്യപ്പെടുന്നു. കോഴിക്കോട് തിരുവള്ളൂർ ശാന്തിനികേതൻ ഹയർ സെക്കന്ററി സ്കൂളിന് ഫിറ്റ്നസ് ഇല്ലാതിരുന്ന 10-12-2019 ന് സ്കൂളിൽ നിയമിതയായ അധ്യാപികയാണ് ഹർജിക്കാരി. കോവിഡ് ഭീഷണി ഉണ്ടായിരുന്നു എന്ന വസ്തുത കണക്കിലെടുത്ത് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കണമെന്ന ആവശ്യവും മുന്നോട്ട് വച്ചിട്ടുണ്ട്.

ശാന്തിനികേതൻ എച്ച്.എസ്.എസ് ലെ കെട്ടിടങ്ങളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാതിരുന്നതിനാൽ ടി സ്കൂളിന്റെ തസ്തിക നിർണ്ണയം 2016-17 മുതൽ 2019-20 വരെ നടത്തിയിരുന്നില്ല. തുടർന്ന് 07.08.2023 ലെ L2/73/2022-G.Edn, 28.05.2024 ലെ L2/49/2024/G.Edn എന്നീ സർക്കാർ കത്തുകളിലെ നിർദ്ദേശങ്ങൾ പ്രകാരമാണ് 09.11.2020 ൽ സമർപ്പിക്കപ്പെട്ട ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ആധാരമാക്കി ടി സ്കൂളിൽ മേൽ കാലയളവുകളിലെ തസ്തിക നിർണ്ണയങ്ങൾ 06.01.2024 ൽ അനുവദിക്കപ്പെട്ടത് (വടകര ഡി.ഇ.ഒ യുടെ 06.01.2024 ലെ B3/52508/2019 ഉത്തരവ് പ്രകാരം). ടി സ്കൂളിൽ വിരമിക്കൽ മൂലം സംജാതമായ HST Maths തസ്തികയിലാണ് ഹജിക്കാരിയായ ശ്രീമതി. ജിജി ബി. യെ മാനേജർ 16.07.2021 മുതൽ നിയമിച്ചത്. മേൽ നിയമനം ഡി.ഇ.ഒ. നിരസിക്കാനുണ്ടായ കാരണങ്ങൾ ചുവടെ പറയുന്നവയാണ്.

i) മാനേജർ ശ്രീമതി. ജിജി ബി. യെ 10.12.2019 മുതൽ UPST തസ്തികയിൽ നിയമിച്ചു എങ്കിലും ടി നിയമനം പരിഗണിക്കാതെ ഹർജിക്കാരിയെ 16.07.2021 മുതൽ HST തസ്തികയിൽ മാറ്റി നിയമിച്ചു.

ii) ടി സ്കൂളിലെ 51A അവകാശിയായ ശ്രീമതി. സുസ്മിത കെ.എം എന്ന അധ്യാപികയെ നിലവിൽ ക്രമീകരിച്ചിരിക്കുന്ന അധിക തസ്തികയിൽ നിന്ന് മാറ്റി ഹർജിക്കാരിയെ നിയമിച്ച റഗുലർ തസ്തികയിൽ ക്രമീകരിക്കേണ്ടതുണ്ട്.

iii) HST നിയമന തീയതിയിൽ ഹർജിക്കാരി നിർദ്ദിഷ്ട പ്രായപരിധി പിന്നിട്ടു.

എന്നാൽ മേൽ തടസ്സവാദങ്ങൾ പരിശോധിച്ചതിൽ നിന്നും:-

i) ശ്രീമതി. ജിജി ബി. യെ 10.12.2019 മുതൽ UPST ആയി മാനേജർ നിയമിച്ചു എങ്കിലും ടി വർഷം തസ്തിക നിർണ്ണയം നടത്താത്തതിനാൽ ആണ് ടി നിയമനം അംഗീകരിക്കപ്പെടാത്തത്. ടി തസ്തിക ഉൾപ്പെടെ അനുവദിക്കപ്പെട്ടത് 06.01.2024 ലെ തസ്തിക നിർണ്ണയ ഉത്തരവിലാണ്. KE Act Section 11, KER Chapter XIV A Rule 1 എന്നിവ പ്രകാരം എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ നിയമനാധികാരം

പൂർണ്ണമായും മാനേജരിൽ നിക്ഷിപ്തമാണ്. മേൽ **UPST** തസ്തികയും, **16.07.2021** ൽ ഹർജിക്കാരിയെ നിയമിച്ച **HST** തസ്തികയും ഉൾപ്പെടെയുള്ള തസ്തികകൾ വ്യവസ്ഥാപിതമായത് വടകര ഡി.ഇ.ഒ യുടെ **06.01.2024** ലെ **B3/52508/19** ഉത്തരവ് പ്രകാരം **06/01/2024** ൽ മാത്രമാണ്. എന്നതിനാൽ ഹർജിക്കാരിയെ മാനേജർ മാറ്റി നിയമിച്ചിട്ടുള്ളത് ക്രമപ്രകാരമാണ്. മാനേജർ ശ്രീമതി.ജിജി.ബി യെ വ്യവസ്ഥാപിത തസ്തികയില്ലാതെ **10-12-2019** മുതൽ യുപി എസ്.റ്റി ആയി നിയമിച്ചിരുന്നത് പിൻവലിക്കാനായി പ്രൊപ്പോസൽ വിദ്യാഭ്യാസ ഓഫീസർക്ക് നൽകേണ്ടതും, വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയത് അംഗീകരിച്ച് നൽകേണ്ടതുമാണ്

**ii)** അധിക തസ്തികകൾ **KER Chapter XXIII** ലെ വ്യവസ്ഥകളനുസരിച്ച് അനുവദിക്കപ്പെടുന്നവ ആയതിനാൽ അവ റഗുലർ തസ്തികകളാണ് എന്ന് സർക്കാർ **31.03.2021** ലെ **GO(Ms) 136/2021/G.Edn** പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിനാൽ ശ്രീമതി. സുസ്മിത കെ.എം. നെ മേൽ പ്രകാരം ക്രമീകരിച്ച അധിക തസ്തിക സ.ഉ (പി) **136/2021**/പൊ.വി.വ തീയതി **31.03.2021** പ്രകാരം റഗുലർ തസ്തികയാണ്. അതുകൊണ്ടുതന്നെ ഇത്തരം റഗുലർ തസ്തികകളിൽ പുനർവിന്യസിച്ചവരെ മാറ്റി നിയമന ക്രമീകരണം നടത്തണം എന്നത് ചട്ടത്തിൽ വ്യവസ്ഥയില്ലാത്തതും, സർക്കാർ ഉത്തരവുകളുടെ പിൻബലമില്ലാത്തതുമാണ്.

**iii)** **2020-21** അധ്യയന വർഷം നിയമതിരാകേണ്ടിയിരുന്ന എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് കോവിഡ് സാഹചര്യത്തിൽ സ്കൂൾ തുറക്കാത്തതുമൂലം നിയമനം നൽകുവാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് ഇവർക്ക് **15/07/2021** മുതലാണ് നിയമനം അനുവദിച്ചത്. ആയതിനാൽ **2020-21** വർഷത്തിൽ നിയമതിരാകേണ്ടിയിരുന്നതും എന്നാൽ കോവിഡ് മൂലം **2021-22** വർഷത്തിൽ നിയമിക്കപ്പെട്ടവരുമായ അധ്യാപകർക്കാണ് **28/09/2021** ലെ **GO(Ms) 203/2021/GEDN** ഉത്തരവിന്റെ ആനുകൂല്യം നൽകി വയസ്സിളവ് അനുവദിക്കുന്നത്. ഈ കേസിലെ ഹർജിക്കാരിയായ ശ്രീമതി.ജിജി.ബി യുടെ കാര്യത്തിലും മേൽ പരാമർശിച്ച പ്രകാരമുള്ള സമാന സാഹചര്യം നിലനിൽക്കുന്നതായി കാണാം. കാരണം ശാന്തിനികേതൻ എച്.എച്.എസ് ൽ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് മാനേജർ യഥാസമയം സമർപ്പിക്കാത്തതുമൂലം ടി സ്കൂളിലെ **2016-17** മുതൽ **2019-20** വരെയുള്ള തസ്തിക നിർണ്ണയം യഥാസമയം നടക്കാതെ വരുകയും, തുടർന്ന് **09/11/2020** ൽ സമർപ്പിച്ച ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദേശം അനുസരിച്ചു ടി സ്കൂളിന്റെ തസ്തിക നിർണ്ണയം വടകര ഡി.ഇ.ഓ പൂർത്തിയാക്കി തസ്തികകൾ അനുവദിച്ചത് **06/01/2024** ൽ മാത്രമാണ്. എന്നാൽ **2016-17** മുതൽ **2019-20** വരെ വ്യവസ്ഥാപിത തസ്തികകളിൽ ടി സ്കൂളിൽ അധ്യാപകർ തുടർന്നുവരുകയുണ്ടായി. മാനേജർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് യഥാസമയം സമർപ്പിക്കാത്തതു അധ്യാപകരുടെ കുറ്റമായി കണക്കാക്കാനാകില്ല. മാത്രമല്ല കുട്ടികളുടെ പഠനത്തിനായി അധ്യാപകർ തുടരേണ്ടതുമുണ്ട്. അപ്രകാരമാണ്

ശ്രീമതി.ജിജി.ബി യെ മാനേജർ **10/12/2019** മുതൽ **UPST** ആയി നിയമിച്ചതും. എന്നാൽ തസ്തിക നിർണ്ണയം ടി തീയതിയിൽ പൂർത്തിയാവാത്തതിനാലാണ് ഹർജിക്കാരിക്ക് അംഗീകാരം ലഭ്യമാകാഞ്ഞത്. ടി തീയതിയിൽ ശ്രീമതി.ജിജി. ബി യുടെ പ്രായം നിശ്ചിത പ്രായപരിധിക്കു അകത്തുമായിരുന്നു. തുടർന്ന് **06/01/2024** മുതലാണ് ടി സ്കൂളിലെ തസ്തിക നിർണ്ണയം പൂർത്തീകരിച്ചതും അനുവദനീയ തസ്തികകൾ അനുവദിക്കപ്പെട്ടതും. അപ്രകാരം അനുവദിക്കപ്പെട്ട തസ്തികയിലാണ് **16/07/2021** മുതലുള്ള ശ്രീമതി.ജിജി.ബി യുടെ **HST** നിയമനവും.

(7) മേൽ സാഹചര്യങ്ങൾ പരിഗണിച്ചു **16/07/2021** മുതലുള്ള ശ്രീമതി. ജിജി.ബി യുടെ **HST** നിയമനത്തിന് വയസ്സിളവ് അനുവദിച്ചുകൊണ്ട് ഹർജിക്കാരിയുടെ നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചുനൽകുന്നതിനുള്ള നിർദ്ദേശം വടകര ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നൽകികൊണ്ട് ഹർജിക്കാരി സമർപ്പിച്ച കാറ്റഗറി 1 റിവിഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്ക്കർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-14
വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര
മാനേജർ, ശാന്തിനികേതൻ എച് എസ് എസ്, തിരുവള്ളൂർ, കോഴിക്കോട്
ശ്രീമതി. ജിജി.ബി, എച് എസ് ടി ( ഗണിതം) ശാന്തിനികേതൻ എച് എസ് എസ്, തിരുവള്ളൂർ, കോഴിക്കോട്
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ)മീഡിയ വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Asha Rani M
Date: 21-06-2025 15:18:48
സെക്ഷൻ ഓഫീസർ